**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4416** **28-10-2021 - ൽ മറുപടിയ്ക്ക്**

**സ്വന്തമായി ആധാരം തയ്യാറാക്കാനുള്ള ഉള്ള നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ വ്യക്തികൾക്ക് സ്വന്തമായി ആധാരം തയ്യാറാക്കാനും രജിസ്റ്റർ ചെയ്യാനുമുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) | രജിസ്ട്രേഷൻ വകുപ്പിന്റെ www.keralaregistration.gov.in എന്ന വെബ് സൈറ്റിൽ 19 തരം ആധാരങ്ങളുടെ മാതൃകകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത മാതൃകാ ആധാരങ്ങളെ അടിസ്ഥാനപ്പെടുത്തി ആധാര കക്ഷികൾക്ക് സ്വയം ആധാരം തയ്യാറാക്കാവുന്നതാണ്. ആധാരം രജിസ്ട്രേഷന് ഹാജരാക്കുന്നതിന് മുമ്പായി തീയതിയും സമയവും നിശ്ചയിച്ച് ടോക്കൺ എടുക്കേണ്ടതും രജിസ്ട്രേഷനായി തയ്യാറാക്കിയ ആധാരങ്ങളുടെ വിവരങ്ങൾ www.keralaregistration.gov.in എന്ന വകുപ്പിന്റെ വെബ് സൈറ്റിൽ ഓൺലൈനായി ചേർക്കേണ്ടതുമാണ്. അതോടൊപ്പം തന്നെ രജിസ്ട്രേഷൻ ഫീസ് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെയും ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഒരു ലക്ഷം രൂപയ്ക്കു മുകളിൽ മുദ്രവില വരുന്ന ഇടപാടുകൾക്ക് ഇ-സ്റ്റാമ്പ് സംവിധാനത്തിലൂടെയും മുദ്രവില ഒടുക്കേണ്ടതുമാണ്. ആധാരവിവരങ്ങൾ ഓൺലൈനായി സമർപ്പിച്ച് മുദ്രയും, ഫീസും ഒടുക്കിയ ശേഷം പ്രസ്തുത ആധാരം രജിസ്ട്രേഷനായി ഹാജരാക്കേണ്ടതും അതോടൊപ്പം തന്നെ ഫയലിംഗ് ഷീറ്റും തയ്യാറാക്കി സമർപ്പിക്കേണ്ടതുമാണ്. |
| (ബി) | വിവിധ തരത്തിലുള്ള ആധാരങ്ങൾ തയ്യാറാക്കുന്നതിന് മാതൃക നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | ഉണ്ട്. സ്വയം ആധാരം തയ്യാറാക്കുന്നതിന് സഹായകമായ രീതിയിൽ പത്തൊൻപത് തരം ആധാരങ്ങളുടെ മാതൃക തയ്യാറാക്കി രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റായ www.keralaregistration.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത മാതൃക അടിസ്ഥാനപ്പെടുത്തി ആധാരങ്ങൾ തയ്യാറാക്കാവുന്നതാണ്. |
| (സി) | സാധാരണക്കാർക്ക് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്താൻ സാധിക്കുന്ന രീതിയിലുള്ള | (സി) | നടപ്പിലാക്കുന്നതാണ്. സ്വയം ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് |

| | | | |
|---|---|---|---|
| | പ്രചാരണങ്ങൾ സർക്കാരിന്റെ ഭാഗത്ത് നിന്നും നടപ്പിലാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | ഉണ്ടാകുന്ന സംശയനിവാരണത്തിനായി ഹെൽപ്പ് ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ